# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ


## ശൈഖ് മുഹമ്മദ് ജമീൽ സൈനു

### വിവ. കബീർ എം. പറളി


## സ്വൂഫിസത്തിന്റെ വസ്തുത

ഇസ്‌ലാമിക ലോകത്ത്  സൂഫിസം വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. ഈ സംഘത്തിന്റെ വിഷയത്തിൽ ആളുകൾ രണ്ടു ചേരിയി ലാണുള്ളത്; സൂഫിസത്തെ അംഗീകരിക്കുന്നവരും, അതിനെ തള്ളിപ്പറ യുന്നവരും. ഈ സന്നിഗ്ദാവസ്ഥയിൽ സൂഫിസത്തെ സംബന്ധിച്ച നിജസ്ഥിതി ഒരു മുസ്‌ലിമിന് എങ്ങനെയാണ് മനസ്സിലാക്കാനാവുക? അതിനെ അംഗീകരിക്കുന്നവരുടൊപ്പം ചേർന്ന് അന്ധമായി സഞ്ചരി ക്കുകയൊ? അതൊ, അതിനെ നിഷേധിക്കുന്നവരെ പിൻതുടർന്ന് അവരിൽ നിന്നും വിട്ടുനിൽക്കുകയൊ? ഏത് സന്ദേഹാവസ്ഥയിലും യാഥാർത്ഥ്യം ബോധ്യപ്പെടാൻ ഖുർആനിലേക്കും സുന്നത്തിലേക്കും തിരിയുക എന്നതുമാത്രമാണ് സത്യവിശ്വാസികൾക്ക് കരണീയമായി ട്ടുള്ളത്. അല്ലാഹു പറഞ്ഞു:

فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً (النساء: 59)

വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. (നിസാഅ്: 59)

പ്രവാചക കാലത്തൊ, സ്വഹാബത്തിന്റെ കാലത്തൊ, താബിഉകളുടെ കാലത്തൊ സൂഫിസമെന്ന നാമം അറിയപ്പെട്ടിരുന്നില്ല. അവർക്ക് ശേഷം വന്ന ചില സന്യാസ മനസ്ഥിതിക്കാർ തങ്ങളുടെ ഐഹിക വിരക്തി പ്രകടിപ്പിക്കാനായി പരുക്കൻ പരുത്തി വസ്ത്രം (സ്വൂഫ്) അണിഞ്ഞ് നടക്കാൻ തുടങ്ങി. അങ്ങനെയാണ് പരുത്തിവസ്ത്രത്തിന്റെ ആളുകൾ എന്ന അർത്ഥത്തിൽ അവർ സ്വൂഫികൾ എന്ന് അറിയ പ്പെടാൻ തുടങ്ങിയത്.

ഗ്രീക്ക് ഫിലോസഫി ഗ്രന്ഥങ്ങളിൽ ‘ജ്ഞാനം’ എന്ന് അർത്ഥം വരുന്ന സ്വൂഫിയാ എന്ന പദത്തിൽ നിന്നാണ് സ്വൂഫിസം എന്ന പ്രയോഗം വന്നതെന്നും പറയപ്പെട്ടിട്ടുണ്ട്. പരിശുദ്ധി എന്നർത്ഥമുള്ള സ്വഫായിൽ നിന്നാണ് സ്വൂഫി നിഷ്പന്നമായതെന്ന് സ്വൂഫികൾ അവകാശപ്പെ ടാറുണ്ട്. ഭാഷാപരമായി അത് ശരിയല്ല. സ്വഫാ എന്നതിൽ നിന്ന് സ്വൂഫി എന്നല്ല, സ്വഫാഈ എന്നാണ് പ്രയോഗം വരിക. റബ്ബാനിയ്യ ലാ റുഹ്ബാനിയ്യ എന്ന കൃതിയിൽ അബുൽ ഹസൻ നദ്‌വി എഴുതി: അങ്ങനെയെങ്കിൽ, അവർ സ്വൂഫിയ്യ എന്നതിന് പകരം തസ്കിയ്യ (സംസ്കരണം) എന്ന് പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അവർക്ക് വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുവാനും, അവരെ സംസ്കരിക്കുവാനും വേണ്ടി. (അൽ ബഖറ: 129) എന്നാണ് അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത്.

സ്വൂഫി എന്ന പദം നിഷ്പന്നമായത് എന്തിൽ നിന്നൊ ആകട്ടെ, സൂഫിസമെന്ന ഈ നൂതന പ്രസ്ഥാനം മുസ്‌ലിം സമൂഹത്തിൽ വ്യക്ത മായ ഛിദ്രതയുണ്ടാക്കിയുട്ടുണ്ട്. പൂർവ്വസ്വൂഫികളിൽ നിന്ന് തീർത്തും വ്യത്യസ്തരാണ് ആധുനിക സ്വൂഫികൾ. പുതിയപുതിയ ബിദ്അത്തു കളാൽ സമൃദ്ധമാണ് ഇന്നത്തെ സ്വൂഫിസം. ഇവിടെ പ്രവാചക തിരുമേനി(സ്വ)യുടെ വാക്കുകൾ ഓർമ്മ വരികയാണ്.

തിരുമേനി(സ്വ) അരുളി: നിങ്ങൾ പുതിയ ആചാരങ്ങളെ കരുതിയി രുക്കുക. എല്ലാ പുതിയ ആചാരങ്ങളും  ബിദ്അത്താണ്. എല്ലാ ബിദ്അത്തുകളും വഴികേടുമാണ്. (തിർമുദി, ഹസനായ ഹദീസ്)

സ്വൂഫിസത്തിന്റെ ഉള്ളുകള്ളികളറിയാൻ അതിന്റെ അധ്യാപനങ്ങളെ ഇസ്ലാമിന്റെ മാനദണ്ഡങ്ങൾ കൊണ്ട് അളക്കേണ്ടതുണ്ട്. എങ്കിലേ ഇസ്ലാമുമായി അതിന് എന്തുമാത്രം അടുപ്പമുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാനാകൂ.

1. സ്വൂഫിസമെന്നത് അവിച്ഛിന്നമായ ഒരു ഏകസംഘമല്ല. തീജാനിയ്യ, ഖാദിരിയ്യ, നഖ്ഷബന്തിയ്യ, ശാദുലിയ്യ, രിഫാഇയ്യ തുടങ്ങിയ അനവധി ത്വരീഖത്തുകൾ അതിലുണ്ട്. ഓരോ ത്വരീഖത്തും, ആദർശ ശൈലികൾ വ്യത്യസ്തമാണെങ്കിലും, തങ്ങളാണ് സത്യത്തിൽ നിലകൊള്ളുന്നവർ എന്ന് വാദിക്കുന്നവരും, മറ്റു ത്വരീഖത്തുകൾ അസത്യത്തിലാണെന്ന് ആരോപിക്കുന്നവരുമാണ്. അഥവാ ഛിദ്രതയാണ് സൂഫികളുടെ മുഖമുദ്ര.

   മുസ്‌ലിം ഉമ്മത്തിൽ ഛിദ്രതയുണ്ടാക്കരുതെന്നാണ് ഇസ്ലാമിന്റെ പാഠം. അല്ലാഹു പറഞ്ഞു:

   مُنِيبِينَ إِلَيْهِ وَاتَّقُوهُ وَأَقِيمُوا الصَّلَاةَ وَلَا تَكُونُوا مِنَ الْمُشْرِكِينَ * مِنَ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ
   (الروم: 31، 32)

   (നിങ്ങൾ) അവങ്കലേക്ക് തിരിഞ്ഞവരായിരിക്കുകയും, അവനെ സൂക്ഷി ക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും, പലകക്ഷികളായി തിരി യുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ. (റൂം: 31, 32)

2. ഏകദൈവ വിശ്വാസികളും, ഏകദൈവാരാധകരുമായ മുസ്‌ലിംകൾക്ക് ഒരിക്കലും യോജിച്ചതല്ല സ്വൂഫിസം. എന്തുകൊണ്ടെന്നാൽ അല്ലാഹു അല്ലാത്തവരോട് അഥവാ അമ്പിയാക്കൻമാരോടും, മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ ഔലിയാക്കളോടും ദുആയിരക്കുന്നവരാണ് സ്വൂഫികൾ. 'യാ ജീലാനീ, യാ രിഫാഈ, യാ റസൂലല്ലാഹ് ഞങ്ങളെ സഹായിച്ചാലും, ഞങ്ങൾക്ക് സംരക്ഷണമേകിയാലും, ഞങ്ങൾ നിങ്ങളിൽ ആശ്രയം തേടുന്നു' തുടങ്ങിയ പ്രാർത്ഥനകൾ അവർ ക്കിടയിൽ സാർവത്രികമാണ്. അല്ലാഹു അല്ലാത്തവരോട് ദുആ ചെയ്യുന്നത് പടച്ച തമ്പുരാൻ വിലക്കിയ കാര്യമാണ്. അങ്ങനെ ചെയ്യുന്നത് ശിർക്കാണെന്നും അത് മഹാപാതകമാണെന്നും ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

   അല്ലാഹു പറയുന്നു:

   وَلَا تَدْعُ مِن دُونِ اللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ الظَّالِمِينَ (يونس: 106)

   അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. (യൂനുസ്: 106)

   നബി തിരുമേനി(സ്വ) പ്രാർത്ഥന ഇബാദത്താണെന്ന് (തിർമുദി, ഹസൻ സ്വഹീഹ്) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അഥവാ നമസ്കാരം പോലെയുള്ള ഇബാദത്ത്. നമസ്കാരം അല്ലാഹു അല്ലാത്തവർക്ക് ചെയ്യൽ അനുവദനീയമല്ലാത്തതു പോലെ ദുആയും അല്ലാഹു അല്ലാത്തവരോട് പാടുള്ളതല്ല. അത് നബിമാരോടായാലും, വലിയ്യുകളോടായാലും ശരി. പടച്ചവനോടല്ലാത്തവരോടുള്ള ദുആ കൊടിയ ശിർക്കാണ്. ശിർക്ക് ജീവിതത്തിലെ സകല നന്മകളേയും തകർക്കുകയും നരകത്തിൽ ശാശ്വതമായി പ്രവേശിപ്പിക്കുകയും ചെയ്യും.

3. പ്രപഞ്ചത്തിന്റെ കൈകാര്യവും നിയന്ത്രണവും നടത്താൻ ചില അബ്ദാലുകളേയും അഖ്താബുകളേയും ഔലിയ്യാക്കളേയും അല്ലാഹു പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വിശ്വസിക്കുന്നവ രാണ് സ്വൂഫീകൾ. മുശ്‌രിക്കുകൾക്ക് പോലും അത്തരം വിശ്വാസ മുണ്ടായിരുന്നില്ല എന്നാണ് ഖുർആനിൽ നിന്നും മനസ്സിലാക്കാനാകുന്നത്. മുശ്‌രിക്കുകളോ ടുള്ള അല്ലാഹുവിന്റെ ചോദ്യവും അതിന് അവർ നൽകുന്ന മറുപടിയും ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

   وَمَن يُدَبِّرُ الْأَمْرَ فَسَيَقُولُونَ اللَّهُ (يونس: 31)

   "ആരാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്? അവർ പറയും, അല്ലാഹു എന്ന്." (യുനുസ്: 31)

   ബഹുദൈവാരാധകരായ ആളുകൾക്കു പോലും ഇല്ലാത്ത വിശ്വാസമാണ് സ്വൂഫികൾ വെച്ച് പുലർത്തുന്നത് എന്നർഥം.

   ആപത്തുകളിലകപ്പെടുമ്പോൾ സ്വൂഫികൾ ആശ്രയം തേടാറുള്ളത് അല്ലാഹു അല്ലാത്തവ രിലാണ്. അടിമകളുടെ പ്രയാസങ്ങളകറ്റുന്നതും, അവർക്ക് ആപത്തുകളിൽ നിന്ന് രക്ഷ നൽകുന്നതും യഥാർത്ഥത്തിൽ അല്ലാഹു മാത്രമാണ്. അക്കാര്യം അവൻ തന്നെ നമ്മെ അറിയിച്ചിട്ടു ള്ളതാണ്.

وَإِن يَمْسَسْكَ اللَّهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَى كُلِّ شَيْءٍ قَدُيرٌ (الأنعام: 17)

"(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാ ണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ." (അൻആം: 17)

ബഹുദൈവാരാധകരായിരുന്ന മക്കയിലെ മുശ്രിക്കുകൾ പോലും തങ്ങളെ ബാധിക്കുന്ന കഷ്ടതകൾ നീങ്ങാൻ അല്ലാഹുവിനെയാ യിരുന്നു ആത്യന്തികമായി അവലംബിച്ചിരുന്നത്. അല്ലാഹു പറയുന്നത് കാണുക:

وَلَهُ مَا فِي السَّمَاوَاتِ وَالأَرْضِ وَلَهُ الدِّينُ وَاصِبًا أَفَغَيْرَ اللّهِ تَتَّقُونَ ۞ وَمَا بِكُم مِّن نِّعْمَةٍ فَمِنَ اللّهِ ثُمَّ إِذَا مَسَّكُمُ الضُّرُّ فَإِلَيْهِ تَجْأَرُونَ

(النحل: 52، 53)

"അവന്റേതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. നിരന്തര മായിട്ടുള്ള കീഴ്വണക്കം അവന്ന് മാത്രമാകുന്നു. എന്നിരിക്കെ അല്ലാഹു അല്ലാത്തവരോടാണോ നിങ്ങൾ ഭക്തികാണി ക്കുന്നത്? നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ള താകുന്നു. എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്." (നഹ്ൽ: 52, 53)

അതേ സമയം തങ്ങളാണ് യഥാർത്ഥ മുസ്‌ലിമുകൾ എന്നവകാശപ്പെടുന്ന സ്വൂഫികൾ അമ്പിയാ ഔലിയാക്കളേയും മറ്റു മരണപ്പെട്ടവരും ജീവിക്കുന്നവരുമായ മഹാന്മാരെയുമാണ് പ്രശ്ന പരിഹാര ങ്ങൾക്കായി അവലംബിക്കുന്നത്!!

4. സ്വൂഫികളിലെ ചിലർ അദ്വൈത വാദികളാണ്. സ്രഷ്ടാവ് സൃഷ്ടികൾ എന്ന വേർതിരിവിൽ അവർക്ക് വിശ്വാസമില്ല. സർവ്വതും സ്രഷ്ടാവ്! സകലതും ഇലാഹ്! ഡമാസ്കസിൽ കുഴിച്ചുമൂടപ്പെട്ട ഇബ്നുൽ അറബിയാണ് ഈ വാദത്തിന്റെ ഉപജ്ഞാതാവ്. അയാളൊരിക്കൽ പാടി:

   അടിമ റബ്ബാണ് റബ്ബ് അടിമയുമാണ്
   എങ്കിൽ പറഞ്ഞു തരിക, ആരാണ് മുകല്ലഫ്?

   യഥാർത്ഥ മുഅ്മിനുകൾക്ക് ഉൾക്കൊള്ളാനാകാത്ത വിശ്വാസ ങ്ങളും ആദർശങ്ങളുമാണ് സ്വൂഫികളിൽ ചില വിഭാഗ ങ്ങൾക്കിടയിലുള്ളത് എന്നാണ് ഇത് വ്യക്തമാക്കുന്നത്.

5. സമ്പൂർണ്ണമായ ഐഹിക വിരക്തിയിലേക്കാണ് സ്വൂഫികൾ വിശ്വാസികളെ ക്ഷണിക്കുന്നത്. ആഹാരസമ്പാദന മാർഗങ്ങ ളെപ്പോലും ഉപേക്ഷിച്ച് സ്വദേഹങ്ങളെ അനാവശ്യമായി ക്ലേശിപ്പി ക്കുന്നവരാണ് അവരിൽ ചില വിഭാഗങ്ങൾ. അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനൊരുങ്ങുന്നതും അതിനു വേണ്ടി കോപ്പുകളൊരുക്കുന്നതും തങ്ങൾ വിശ്വസിക്കുന്ന സുഹ്ദിന് അഥവാ ഐഹിക വിരക്തിക്ക് വിരുദ്ധമാണെന്നാണ് അവരുടെ മതം. എന്നാൽ പരിശുദ്ധനായ അല്ലാഹു ഈ ദുഷിച്ച വിഭാഗത്തിനെതിരിലാണ് നമുക്ക് കാര്യങ്ങൾ ബോധ്യപ്പെടുത്തി ത്തരുന്നത്.

   وَابْتَغِ فِيمَا آتَاكَ اللَّهُ الدَّارَ الْآخِرَةَ وَلَا تَنسَ نَصِيبَكَ مِنَ الدُّنْيَا (القصص: 77)

   "അല്ലാഹു പറഞ്ഞു: അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട." (ഖസസ്: 77)

   സമ്പൂർണ്ണമായ ഐഹിക വിരക്തി നബി തിരുമേനി(സ്വ) പഠിപ്പിച്ച ഇസ്‌ലാമിലില്ല എന്നത്രെ ഈ വിശുദ്ധ വചനം നമ്മെ പഠിപ്പിക്കുന്നത്. അതു കൊണ്ട് തന്നെ സ്വൂഫിസം ഇസ്‌ലാമിനന്യമാണ് എന്ന് നമുക്ക് പറയാം. ദൈവമാർഗത്തിൽ സമരം ചെയ്യുന്നതിന് സജ്ജരാകേണ്ട തിന്റെ ആവശ്യകതയെ സൂചിപ്പിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു:

   وَأَعِدُّواْ لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ الْخَيْلِ (الأنفال: 60)

   "അവരെ നേരിടാൻ വേണ്ടി നിങ്ങളുടെ കഴിവിൽ പെട്ട എല്ലാ ശക്തിയും, കെട്ടിനിർത്തിയ കുതിരകളെയും നിങ്ങൾ ഒരുക്കുക." (അൻഫാൽ: 60)

6. ഒരു സത്യവിശ്വാസിയിലുണ്ടാകേണ്ട ഇഹ്സാൻ എന്ന ഗുണം സൂഫികൾ തങ്ങളുടെ ശൈഖുമാരോടാണ് പ്രകടിപ്പിക്കാറ്. അല്ലാഹു വിനെ സ്മരിക്കുമ്പോഴെല്ലാം അവരുടെ ശൈഖുമാരുടെ ചിത്രം മനസ്സിൽ സങ്കൽപിക്കണമെന്നാണ് സ്വൂഫീ ഭക്തർ കൽപിക്കപ്പെട്ടിട്ടു ള്ളത്. നമസ്കാരവേളകളിൽ പോലും അങ്ങനെയാണ്. എന്റെ അയൽവാസിയായ സ്വൂഫി തന്റെ ശൈഖിന്റെ ചിത്രം മുന്നിൽ വെച്ചാണ് നമസ്കരിക്കാറുണ്ടായിരുന്നത്. എന്നാൽ ഇഹ്സാൻ എന്ന ഗുണത്തെപ്പറ്റി റസൂൽ(സ്വ) പറഞ്ഞതെന്താണ്? അവിടുന്നരുളി: "ഇഹ്സാൻ

എന്നാൽ നീ അല്ലാഹുവിനെ കാണുന്നു എന്നവിധം അവനെ ആരാധിക്കലാണ്. നീ അവനെ യഥാർത്ഥത്തിൽ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്.” (മുസ്‌ലിം)

7. സ്വൂഫികളുടെ വിശ്വാസങ്ങൾ മുഴുവനും വിചിത്രമാണ്. അല്ലാഹു വിനെ ആരാധിക്കുന്നത്, അവന്റെ നരകത്തെ ഭയന്നു കൊണ്ടോ, അവന്റെ സ്വർഗത്തെ ആഗ്രഹിച്ചു കൊണ്ടോ ആകരുത് എന്നാണ് സ്വൂഫീമതം! സ്വൂഫീ ഭക്തയായ റാബീഅത്തുൽ അദ്‌വിയ്യയുടെ പ്രാർത്ഥന ശ്രദ്ധിക്കുക:

‘അല്ലാഹുവേ, ഞാൻ നിന്നെ ആരാധിക്കുന്നത് നിന്റെ നരകത്തെ ഭയക്കുന്നത് കൊണ്ടാണെങ്കിൽ എന്നെ നീ ആ നരകത്തിലിട്ട് കരിച്ചു കളയേണമേ! അതല്ല നിന്നെ ഞാൻ ആരാധിക്കുന്നത് നിന്റെ സ്വർഗത്തെ മോഹിച്ചതു കൊണ്ടാണെങ്കിൽ ഒരിക്കലും എന്നെ നീയാ സ്വർഗത്തിൽ പ്രവേശിപ്പിക്കരുതേ!’

അബ്ദുൽ ഗനി നാബുൽസിയുടെ പ്രസിദ്ധമായ കവിത ആവർത്തിച്ച് പാരായണം ചെയ്യുന്നവരാണ് സ്വൂഫികൾ. അതിന്റ സാരമിങ്ങനെ:

‘നരകത്തോടുള്ള ഭയം കൊണ്ടാണ് ഒരുത്തൻ അല്ലാഹുവിനെ ആരാധിക്കുന്നതെങ്കിൽ അവൻ നരകത്തിന്റെ ആരാധകനാണ്. സ്വർഗ ത്തോടുള്ള താത്പര്യം കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നവൻ ബിംബാരാധകനുമാണ്.’

എന്നാൽ വിശുദ്ധ ഖുർആൻ ഇവർക്ക് എതിരിലാണ് നിലകൊള്ളു ന്നത്. മഹാന്മാരായ അമ്പിയാക്കൻമാർ നരകത്തെ ഭയന്നും സ്വർഗത്തെ കൊതിച്ചും അല്ലാഹുവിനോട് വിനയാന്വിതരായി പ്രാർത്ഥിച്ചവരാ യിരുന്നു എന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. അല്ലാഹു അവരെ പുകഴ്ത്തിക്കൊണ്ട് പറഞ്ഞു:

فَاسْتَجَبْنَا لَهُ وَوَهَبْنَا لَهُ يَحْيَى وَأَصْلَحْنَا لَهُ زَوْجَهُ إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ (الأنبياء: 90)

“തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.” (അമ്പിയാഅ്: 90) അഥവാ സ്വർഗത്തിന് ആശിച്ചു കൊണ്ടും, നരകത്തെ പേടിച്ചു കൊണ്ടും എന്നർത്ഥം.

അല്ലാഹു പ്രവാചകനെ സംബോധന ചെയ്ത് കൊണ്ട് ആവശ്യപ്പെടു ന്നത് കാണുക:

قُلْ إِنِّي أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ عَظِيمٍ (الأنعام: 15)

“പറയുക: ഞാൻ എന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷയെപ്പറ്റി തീർച്ചയായും ഞാൻ ഭയപ്പെടുന്നു.” (അൻആം: 15)

8. അല്ലാഹുവിനെ എങ്ങനെയാണ് സ്മരിക്കേണ്ടതെന്ന് അല്ലാഹു തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ സ്വൂഫികളുടെ ദിക്റുകൾ വിചിത്ര മാണ്. ആർത്തട്ടഹസിച്ചും, ദഫ് മുട്ടിയും, ആടിപ്പാടിയുമൊക്കെയാണ് അല്ലാഹുവിന്നവർ ദിക്റ് ചൊല്ലുന്നത്. പാട്ടും കൂത്തും ദഫ്ഫടി യുമൊക്കെ അവരുടെ പക്കൽ അനുവദനീയമാണ്. അല്ലാഹുവിനെ പ്പറ്റിയുള്ള യഥാർത്ഥ വിശ്വാസികളുടെ ഓർമ്മ എവ്വിധമായിരിക്കുമെന്ന് ഖുർആൻ വിശദീകരിക്കുന്നത് കാണുക:

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ (الأنفال: 2)

“തീർച്ചയായും, സത്യവിശ്വാസികൾ അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുന്നവരാണ്.” (അൻഫാൽ: 2)

അല്ലാഹു എന്ന ജലാലത്തിന്റെ പദം പോലും തങ്ങളുടെ ദിക്റുകളിൽ പൂർണ്ണമായി ചൊല്ലാൻ സ്വൂഫികൾ ശ്രദ്ധിക്കാറില്ല. ദിക്റ് ചൊല്ലുന്നതിന്റ മൂർദ്ദന്യതയിലെത്തിയാൽ പിന്നെ, ആഹ്, ആഹ് എന്ന് മാത്രമേ അവരിൽ നിന്ന് കേൾക്കാനാകൂ! പ്രവാചകൻ(സ്വ) നമ്മെ പഠിപ്പിച്ചതാകട്ടെ: ഏറ്റവും മഹത്വമേറിയ ദിക്റ് ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന് ചൊല്ലുക എന്നതാണ്. (തിർമുദി, ഹദീസ് ഹസൻ)

ദിക്റുകളിലാകട്ടെ, ദുആകളിലാകട്ടെ പരിധിവിട്ട് ശബ്ദമുയർത്തുന്നത് ഇസ്‌ലാം വിരോധിച്ച കാര്യമാണ്. ഖുർആൻ അത് വ്യക്തമാക്കിയിട്ടു ള്ളതുമാണ്.

ادْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لَا يُحِبُّ الْمُعْتَدِينَ (الأعراف: 55)

“താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധിവിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല.” (അഅ്റാഫ്: 55)

തന്റെ സ്വഹാബികൾ ശബ്ദമുയർത്തി പ്രർത്ഥിക്കുന്നത് കാണാനചട യായ പ്രവാചക തിരുമേനി(സ്വ) അവരെ വിളിച്ചു കൊണ്ട് പറഞ്ഞത് ഈ സന്ദർഭത്തിൽ പ്രസ്താവ്യമാണ്.

“ജനങ്ങളേ, നിങ്ങൾക്ക് മാത്രം കേൾക്കാവുന്ന രൂപത്തിൽ ശബ്ദം താഴ്ത്തുക. നിങ്ങൾ പ്രാർത്ഥിക്കുന്നത് ബധിരനോടൊ അകലെയുള്ള വനോടൊ അല്ല. എല്ലാം കേൾക്കുന്ന, നിങ്ങളുടെ സമീപസ്ഥനാ യവനോടാണ്. അവൻ നിങ്ങളോടൊപ്പമുണ്ട്. അഥവാ അല്ലാഹു നമ്മെ കണ്ടും കേട്ടും നമ്മോടൊപ്പമുണ്ട്.” (മുസ്ലിം)

ഇതാണ് ദിക്റ് ദുആകളിൽ ഇസ്ലാമിന്റെ മര്യാദയെങ്കിൽ, സ്വൂഫികൾ ഈ മര്യാദ ഒരു നിലക്കും പാലിക്കാത്തവരാണ്.

9. മദ്യവും ലഹരിയും സ്വൂഫീ കവിതകളിലേയും കവാലികളിലേയും സ്ഥിരം പദാവലികളാണ്. ഇബ്നുൽ ഫാരിദ് എന്ന ഒരു സ്വൂഫീ ഭക്തന്റെ കവിതാശകലം കാണുക:

മുന്തിരി സൃഷ്ടിക്കപ്പെടും മുമ്പെ,
പ്രിയതമന്റെ ഓർമ്മയിൽ
‘മുദാമ വീഞ്ഞ്’ ആവോളം മോന്തി
ഞങ്ങളുന്മത്തരായി!

അല്ലാഹുവിന്റെ വിശുദ്ധ ഭവനമായ മസ്ജിദുകളിൽ വെച്ച് പോലും അവർ ഇത്തരം കവിതകൾ പാടുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവയിൽ നിന്നൊരുദാഹരണം കാണുക:

‘റാഹ് വീഞ്ഞി’ന്റെ കുംഭങ്ങൾ തന്നാലും
കോപ്പകളിൽ പകർന്ന് ഞങ്ങളുടെ ദാഹങ്ങൾ തീർത്താലും!

അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാനായി ഉയർത്തപ്പെട്ട മന്ദിരങ്ങളിൽ കള്ളിന്റേയും ലഹരിയുടേയും പദങ്ങളുച്ചരിക്കാൻ യാതൊരു ലജ്ജയുമില്ലാത്ത വർഗമാണ് സ്വൂഫികളെന്നത്രെ അവരുടെ ഈ ചെയ്തികൾ വ്യക്തമാക്കുന്നത്. എന്നാൽ മദ്യത്തെപ്പറ്റി പടച്ചവൻ പറഞ്ഞത് കാണുക:

يَا أَيُّهَا الَّذِينَ آمَنُواْ إِنَّمَا الْخَمْرُ وَالْمَيْسِرُ وَالأَنصَابُ وَالأَزْلاَمُ رِجْسٌ مِّنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ (المائدة:90)

“സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം.” (മാഇദ: 90)

10. സ്വൂഫികളുടെ ദിക്ർ മജ്ലിസുകളിൽ കുമാരീ കുമാരന്മാരുടെ വർണ്ണനകൾ ധാരാളമാണ്. ഹുബ്ബും (പ്രേമം) ഇശ്ഖും (അനുരാഗം) ഹവയും (ഭ്രമം) ലൈലയും സുആദ (രണ്ട് പ്രേമഭാജനങ്ങൾ) യുമൊക്കെ അവരുടെ നാവുകളിൽ സദാ തത്തിക്കളിക്കും. ഒരു സംഗീത സദസ്സെന്നവണ്ണമാണ് അവരുടെ ദിക്ർ മജ്ലിസുകൾ! ആട്ടവും പാട്ടുമായി, കയ്യടിയും ചൂളം വിളിയുമായി ബഹളമയമായ അന്തരീക്ഷം! സത്യത്തിൽ ഇത് മുശ്രിക്കുകളുടെ ആരാധനാ സമ്പ്രദായമാണ്!

“അല്ലാഹു പറയുന്നു: ആ ഭവനത്തിന്റെ (കഅ്ബയുടെ) അടുക്കൽ അവർ (മുശ്രിക്കുകൾ) നടത്തുന്ന പ്രാർത്ഥന ചൂളംവിളിയും കൈകൊട്ടലുമല്ലാതെ മറ്റൊന്നുമായിരുന്നില്ല.” (അൻഫാൽ: 35)

11. പ്രാർത്ഥനാ സദസ്സുകളിൽ മിസ്ഹർ എന്ന് പേരുള്ള ഒരുതരം ദഫ് ഉപയോഗിക്കാറുണ്ട് സ്വൂഫികൾ. മഹാനായ അബൂബക്കർ(റ) ദഫിനെ വിശേഷിപ്പിച്ചത് പിശാചിന്റെ വീണ എന്നാണ്. അദ്ദേഹം ഒരിക്കൽ മകൾ ആയിഷ(റ)യുടെ അടുക്കൽ ചെന്നപ്പോൾ അവിടെ രണ്ട് പെൺകുട്ടികൾ ദഫ് മുട്ടി പാടുന്നത് കണ്ടു. അദ്ദേഹം ചോദിച്ചു: ‘?ഇവിടെ പിശാചിന്റെ വീണയൊ?’ നബി തിരുമേനി(സ്വ) അത് കേട്ടപ്പോൾ പറഞ്ഞു: “അവരെ വിട്ടേക്കുക, അബൂബക്കർ. അവരിന്ന് പെരുന്നാൾ ദിനത്തിലല്ലെ.”

പെൺകുട്ടികൾക്ക് ഈദ് ദിനത്തിൽ ദഫ്മുട്ടുന്നത് അനുവദനീയമാണ് എന്ന് പറഞ്ഞതല്ലാതെ, അബൂബക്കറി(റ)ന്റെ ‘പിശാചിന്റെ വീണ’ എന്ന പ്രയോഗത്തെ നബി തിരുമേനി(സ്വ) വിമർശിക്കുകയുണ്ടായില്ല. സ്വഹാബികളോ, താബിഉകളൊ ആരും തന്നെ തങ്ങളുടെ ദിക്റുകളിൽ ദഫ്കൊട്ടിയാടുന്ന സമ്പ്രദായം സ്വീകരിച്ചിട്ടേയില്ല. പിൽകാലത്ത് സ്വൂഫീപാതിരിമാരാൽ നിലവിൽ വന്ന ബിദ്അത്താണത്. പ്രവാച കന്റെ അധ്യാപനങ്ങളിലില്ലാത്ത ഏതൊരാചാരവും മുസ്ലിംകൾക്ക് അസ്വീകാര്യമാണ്. നബി(സ്വ) പറഞ്ഞു: “നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്.” (മുസ്ലിം)

12. സ്വൂഫികളിലെ ചില ത്വരീഖത്തുകാർ ആയുധങ്ങൾ കൊണ്ട് ദേഹ ദണ്ഡനം നടത്തുന്നവരാണ്. (നമ്മുടെ നാട്ടിൽ ശൈഖ് ജീലാനിയുടെ പേരിൽ ഖാദിരിയ്യാ ത്വരീഖത്തുകാർ നടത്തുന്ന കത്തിക്കുത്ത് റാതീബുകൾ ഉദാഹരണം. വിവ.) യാ ശൈഖ്! യാ ജിദ്ദാഹ്! എന്നിങ്ങനെ,

അല്ലാഹു അല്ലാത്തവരെ വിളിച്ചു തേടിക്കൊണ്ടുള്ള അത്തരം പ്രകടനങ്ങളിൽ പിശാചിന്റെ സഹായമാണ് അവർക്ക് ലഭിച്ച് കൊണ്ടിരിക്കുന്നത്. അല്ലാഹു പറഞ്ഞതാണ് സത്യം:

وَمَن يَعْشُ عَن ذِكْرِ الرَّحْمَنِ نُقَيِّضْ لَهُ شَيْطَانًا فَهُوَ لَهُ قَرِينٌ (الزخرف: 36)

“പരമകാരുണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപെടുത്തി കൊടുക്കും. എന്നിട്ട് അവൻ (പിശാച്) അവന്ന് കൂട്ടാളിയായിരിക്കും.” (സുഖ്റുഫ്: 36)

ത്വരീഖത്ത് ശൈഖന്മാരുടേയും മുരീദന്മാരുടേയും ആയുധപ്രയോഗ ങ്ങൾ കണ്ടിട്ട്, അത് അവരുടെ കറാമത്തുകളായി ചില വിവരദോഷികൾ വിശ്വസിക്കാറുണ്ട്. പ്രസ്തുത ആയുധപ്രയോഗങ്ങൾ നടത്തുന്നയാൾ നമസ്കരിക്കാത്ത, താന്തോന്നിയായ വ്യക്തിയാണെങ്കിലും ശരി. മതത്തിന്റെ ബാധ്യതകൾ നിർവഹിക്കാത്ത, യാ ശൈഖ് എന്നിങ്ങനെ അല്ലാഹു അല്ലാത്തവരോട് സഹായാർത്ഥന നടത്തുന്ന, ശിർക്കിന്റെ ആളുകളിൽ അല്ലാഹുവിന്റെ കറാമത്ത് സംഭവിക്കുന്നത് എങ്ങനെ എന്ന് ആരും ചിന്തിക്കാറില്ല! പടച്ചവൻ പറയുന്നത് കാണുക:

وَمَنْ أَضَلُّ مِمَّن يَدْعُو مِن دُونِ اللَّهِ مَن لَّا يَسْتَجِيبُ لَهُ إِلَى يَومِ الْقِيَامَةِ (الأحقاف: 5)

“അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്?” (അഹ്ഖാഫ്: 5)

സ്വന്തം ജീവിതത്തിന് വഴികേടിനെ തെരഞ്ഞെടുക്കുകയും അതിലൂടെ ത്തന്നെ സഞ്ചരിക്കുകയും ചെയ്യുന്നവരെ അല്ലാഹു ആ വഴികേടിലൂടെത്തന്നെ നടത്തുന്നതാണ്.

قُلْ مَن كَانَ فِي الضَّلَالَةِ فَلْيَمْدُدْ لَهُ الرَّحْمَنُ مَدًّا (مريم: 75)

“(നബിയേ,) പറയുക: വല്ലവനും ദുർമാർഗത്തിലായിക്കഴിഞ്ഞാൽ പരമ കാരുണികൻ അവന്നു അവധി നീട്ടികൊടുക്കുന്നതാണ്.” (മർയം: 75)

13. സൂഫിസമെന്നത് അവിച്ഛിന്നമായ ഒരു ഏകകമല്ല എന്ന് നേരത്തെ പ്രസ്താവിച്ചിട്ടുണ്ട്. തീജാനിയ്യ, ശാദുലിയ്യ, നഖ്ഷബന്തിയ്യ തുടങ്ങിയ അനേകം ത്വരീഖത്തുകൾ അതിലുണ്ട്. ഒന്നും മറ്റൊന്നുമായി യോജിപ്പുള്ളവയല്ല. എന്നാൽ ഇസ്‌ലാമിൽ ഒരേയൊരു ത്വരീഖത്ത് മാത്രമേയുള്ളൂ. ഇബ്നു മസ്ഊദ്(റ) നിവേദനം ചെയ്തിട്ടുള്ള ഹദീസ് അക്കാര്യം വ്യക്തമാക്കുന്നുണ്ട്.

ഒരിക്കൽ നബി(സ്വ) തന്റെ കൈകൊണ്ട് ഒരു നേർരേഖ വരിച്ചു. എന്നിട്ട് പറഞ്ഞു: ഇത് അല്ലാഹുവിന്റെ ഋജുവായ മാർഗമാണ്. തുടർന്ന് അതിന്റെ ഇടം വലങ്ങളിൽ കുറേ വരകൾ വരച്ചു കൊണ്ട് പറഞ്ഞു: “ഇതൊക്കെയും ഓരോരോ മാർഗങ്ങളാണ്. ഓരോ മാർഗത്തിലും അതിലേക്ക് ക്ഷണിച്ചു കൊണ്ട് ഓരോ പിശാചിരി പ്പുണ്ട്.” ശേഷം അവിടുന്ന് താഴെ കാണുന്ന ഖുർആൻ വചനം ഓതി.

وَأَنَّ هَـذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلاَ تَتَّبِعُواْ السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ ذَلِكُمْ وَصَّاكُم بِهِ لَعَلَّكُمْ تَتَّقُونَ (الأنعام: 153)

“ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്.” (അൻആം: 153)

14. സൂഫികൾക്ക് ദൈവദർശനവും അദൃശ്യജ്ഞാനവുമുണ്ടെന്നാണ് വെപ്പ്. കശ്ഫ്, കറാമത്തുകൾ സൂഫികളുടെ കുത്തകയാണെന്ന വിശ്വാസമാണവർക്ക്. അല്ലാഹുവാകട്ടെ ഇത്തരക്കാരുടെ ജൽപന ങ്ങളെ നിശിതമായി വിമർശിക്കുന്നുണ്ട്താനും.

قُل لَّا يَعْلَمُ مَن فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ (النمل: 65)

“(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ.” (നംല്: 65)

നബി തിരുമേനി(സ്വ) പറഞ്ഞു: “അല്ലാഹുവല്ലാതെ അദൃശ്യകാര്യം അറിയുകയില്ല.” (ത്വബറാനി, ഹസൻ ഹദീസ്)

അല്ലാഹുവിന്റേയും റസൂലിന്റേയും അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്, മനുഷ്യർക്ക്- അവൻ എത്രതന്നെ ഭക്തനാണെങ്കിലും- ദൈവദർശ നവും, അദൃശ്യജ്ഞാനവും ഉണ്ടാകും എന്നത്.

15. അല്ലാഹു തന്റെ പ്രകാശത്തിൽ നിന്നാണ് മുഹമ്മദ് നബി(സ്വ)യെ സൃഷ്ടിച്ചത് എന്നും, അദ്ദേഹത്തിന്റെ പ്രകാശത്തിൽ നിന്നാണ് അവൻ മറ്റു സകല വസ്തുക്കളേയും സൃഷ്ടിച്ചിട്ടുള്ളത് എന്നുമാണ് സൂഫികളുടെ വിശ്വാസം. അടിസ്ഥാനരഹിതമായ ഈ

വിശ്വാസത്തെ പരിശുദ്ധനായ അല്ലാഹു ഖണ്ഡിച്ചിട്ടുണ്ട്. അൽ കഹ്ഫ്, സ്വാദ് തുടങ്ങിയ സൂറത്തുകളിൽ നമുക്കത് വായിക്കാനാകും.

قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ (الكهف:110)

"(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു." (കഹ്ഫ്: 110)

إِذْ قَالَ رَبُّكَ لِلْمَلَائِكَةِ إِنِّي خَالِقٌ بَشَرًا مِن طِينٍ (ص:71)

"നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം: തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്നും ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോകു കയാണ്." (സ്വാദ്: 71)

നബി തിരുമേനി(സ്വ) പ്രകാശ സൃഷ്ടിയല്ലെന്നും, മറ്റു മനുഷ്യരെപ്പോലെ പ്രവാചകനും ഒരു മനുഷ്യനാണെന്നും വ്യക്തമാവു കയാണ് ഈ വചനങ്ങളിലൂടെ. എന്നാൽ 'ജാബീറേ, ആദ്യമായി സൃഷ്ടിക്കപ്പെട്ടത് നിന്റെ പ്രവാചകന്റെ പ്രകാശമാണ്' എന്ന ഒരു പ്രസ്താവന നബി(സ്വ)യുടെ ഹദീസായി സൂഫികൾ ഉദ്ധരിക്കാറുണ്ട്. മുഹമ്മദ് നബി(സ്വ)യുടെ പേരിൽ കെട്ടിയുണ്ടാക്കിയ വ്യാജവാർത്ത യാണത്. യാതൊരടിസ്ഥാനവും അതിനില്ല.

16. നബി(സ്വ)ക്കു വേണ്ടിയാണ് ദുനിയാവ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന തലതിരിഞ്ഞ വിശ്വാസം സൂഫികൾക്കിടയിലുണ്ട്. പ്രവാചക സ്നേഹം അതിരുവിട്ട സൂഫികളുടെ പ്രമാണരഹിതമായ വാദം മാത്രമാണത്. "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (ദാരിയ്യാത്ത്: 56) എന്ന ഖുർആനിക വചനം അവരുടെ വാദം കള്ളമാണെന്ന് തെളിയിക്കുകയാണ്. വിശുദ്ധ ഖുർആൻ പ്രവാചകനെ അഭിസംബോധന ചെയ്തു കൊണ്ട് ആവശ്യപ്പെടുന്നത് തന്നെ, "ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത് വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക." (ഹിജ്ർ: 99) എന്നാണ്. അപ്പോൾ, ഈ ലോകം നബി(സ്വ) ക്കു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന സൂഫികളുടെ വാദം എത്രകണ്ട് നിരർത്ഥകമാണ് എന്ന് ആലോചിക്കുക.

17. ദുനിയാവിൽ വെച്ച് അല്ലാഹുവിനെ ദർശിക്കാനാകും എന്ന വാദക്കാരാണ് സൂഫികൾ. അവരുടെ മറ്റേതൊരു വാദത്തിനോടു മെന്നപോലെ ഈ വാദത്തോടും വിശുദ്ധ ഖുർആൻ വിയോജിക്കു കയാണ് ചെയ്തിട്ടുള്ളത്.

قَالَ رَبِّ أَرِنِي أَنظُرْ إِلَيْكَ قَالَ لَن تَرَانِي (الأعراف:143)

"മൂസാ പറഞ്ഞു: എന്റെ രക്ഷിതാവേ, (നിന്നെ) എനിക്കൊന്നു കാണിച്ചുതരൂ. ഞാൻ നിന്നെയൊന്ന് നോക്കിക്കാണട്ടെ. അവൻ (അല്ലാഹു) പറഞ്ഞു: നീ എന്നെ കാണുകയില്ല തന്നെ." (അഅ്റാഫ്: 143)

ഇഹ്യാ ഉലൂമുദ്ദീൻ എന്ന കൃതിയിലെ ഹികായത്തുൽ മുഹിബ്ബീൻ വ മുകാശഫാത്തുഹും എന്ന അധ്യായത്തിൽ ഇമാം ഗസാലി ഒരു കഥയുദ്ധരിക്കുന്നുണ്ട്:

"ഒരിക്കൽ അബൂ തുറാബ് തന്റെ കൂട്ടുകാരനോട് ചോദിച്ചു: നീ അബൂ സൈദ് അൽ ബിസ്താമി (ഒരു സൂഫീ ശൈഖ്)യെ കണ്ടുവോ? അയാൾ പറഞ്ഞു: ഞാൻ അല്ലാഹുവിനെ ദർശിക്കുന്ന തിരക്കിലായിരുന്നു, അയാളെ കാണാൻ എനിക്ക് പറ്റിയിട്ടില്ല, അതിന്റെ ആവശ്യവുമില്ല. അപ്പോൾ അബൂ തുറാബ് പറഞ്ഞു: നിനക്ക് നാശം! ഇലാഹീ ദർശനം നിന്നെ വഞ്ചനയിലകപ്പെടുത്തിയെന്നോ?! അബൂ സൈദ് അൽ ബിസ്താമിയെ നീ ഒരു പ്രാവശ്യം ദർശിക്കുന്നത്, അല്ലാഹുവിനെ എഴുപത് പ്രാവശ്യം ദർശിക്കുന്നതിനേക്കാൾ ഉപകാര പ്രദമാണ്. ഈ കഥയുദ്ധരിച്ചതിനു ശേഷം ഗസാലി എഴുതുന്നു: ഇത്തരം ദർശന കഥകളെ ഒരു മുഅ്മിൻ ഒരിക്കലും കളവാക്കാ വതല്ല!!"

എന്നാൽ ഗസാലിയോട് പറയട്ടെ, ഇത്തരം ദർശന കഥകളെ ഒരു മുഅ്മിൻ നിർബന്ധമായും കളവാക്കുകയാണ് വേണ്ടത്. അത്രമാത്രം വ്യാജവും കുഫ്റും നിറഞ്ഞതാണ് അവ. ഖുർആനിനും ഹദീസിനും മനുഷ്യബുദ്ധിക്കും എതിരിലുള്ള വെറും കെട്ടുകഥകൾ!

18. ഇഹലോകത്ത് അല്ലാഹുവിനെ മാത്രമല്ല, ഉണർച്ചയിൽ നബി തിരുമേനി(സ്വ)യേയും നേർക്കുനേരെ കാണാനാകും എന്ന് കൂടി സൂഫികൾ ജൽപിക്കുന്നുണ്ട്. അവരുടെ വാദത്തെ കളവാക്കിക്കൊണ്ട് ഖുർആൻ പറഞ്ഞു:

അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്. (മുഅ്മിനൂൻ: 100) അഥവാ ജീവിച്ചിരിക്കുന്നവർക്ക് മരണമടഞ്ഞവരെ ഉണർച്ചയിൽ ദർശിക്കാ വുന്ന സമ്പ്രദായം അല്ലാഹു ദുനിയാവിൽ സംവിധാനിച്ചിട്ടില്ല എന്നർത്ഥം. സച്ചരിതരായ സ്വഹാബികളിൽ നിന്ന് ഒരാൾ പോലും പ്രവാചകനെ അദ്ദേഹത്തിന്റെ മരണശേഷം നേർക്കുനേരെ കണ്ടതായി ഉദ്ധരിക്കപ്പെട്ടിട്ടേയില്ല.

ആ മഹത്തുക്കൾക്ക് സാധിക്കാത്തത് സൂഫികൾക്ക് സാധിക്കുമെങ്കിൽ, ഇവർ സ്വഹാബികളേക്കാൾ മഹാന്മാരാണെന്നൊ?!! അല്ലാഹുവിൽ ശരണം!

19. സ്വഹാബികളേക്കാളല്ല, റസൂലിനേക്കാളും കേമന്മാരായിട്ടാണ് സൂഫികൾ ജീവിക്കുന്നത്. അവർ മതവിജ്ഞാനം നേടുന്നത് അല്ലാഹുവിൽ നിന്ന് നേരിട്ടാണത്രെ! റസൂലിന്റെ ആവശ്യമൊന്നും അതിന്നവർക്കില്ല! എന്റെ റബ്ബിൽ നിന്നും കേട്ട് എന്റെ മനസ്സ് എന്നോട് പറയുന്നു എന്നത് സൂഫീ ശൈഖന്മാരുടെ സ്ഥിരം പല്ലവിയാണ്. ഇബ്നു അറബി അൽ ഫുസ്വൂസ് എന്ന തന്റെ കൃതിയിലെഴുതുന്നു: പ്രവാചകനിൽ നിന്ന് നേരിട്ട് മതവിധികൾ സ്വീകരിക്കുകയോ, അദ്ദേഹത്തിന്റെ അടിസ്ഥാന ഹുക്മുകളിൽ നിന്ന് ഇജ്തിഹാദ് ചെയ്ത് മതനിയമങ്ങൾ ആവിഷ്കരിക്കുകയൊ ചെയ്യുന്ന ഖലീഫമാർ ഞങ്ങളിലുണ്ട്. അല്ലാഹുവിൽ നിന്ന് നേരിട്ട് മതജ്ഞാനം സ്വീകരി ക്കുന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. അവരാണ് അല്ലാഹുവിന്റെ ഖലീഫമാർ.

ഖണ്ഡിതമായ ഖുർആനികാധ്യാപനങ്ങൾക്കും അറിയപ്പെട്ട ഹദീസു കൾക്കും വിരുദ്ധമായ ജല്പനം മാത്രമാണിത്. അല്ലാഹുവിന്റെ വിധിവിലക്കുകൾ ജനങ്ങളെ പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത് മഹാനായ മുഹമ്മദ് നബി(സ്വ)യാണ്. ഖുർആൻ പറയുന്നു:

ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പി ക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. (മാഇദ: 67)

പ്രവാചകന്മാർക്കല്ലാതെ വേറൊരാൾക്കും അല്ലാഹുവിൽ നിന്ന് നേരിട്ട് വഹ്യ് ലഭിക്കുക സാധ്യമല്ല. അങ്ങനെ ലഭിക്കുന്നൂ എന്ന് വാദിക്കുന്നവൻ പെരുംനുണയനാണ്. അല്ലാഹുവിന്റെ ഖലീഫയായി യാതൊരാളും തന്നെ ഭൂമിയിലില്ല. അല്ലാഹു ആരെയെങ്കിലും തന്റെ പ്രതിനിധിയായി നിശ്ചയിക്കുക സംഭവ്യവുമല്ല. അവൻ എപ്പോഴെ ങ്കിലും നമ്മിൽ നിന്ന് അകന്ന് നിൽക്കുന്നുവെങ്കിലല്ലെ അവന്റെ കാര്യങ്ങൾ നോക്കാൻ ആരുടെയെങ്കിലും പ്രാതിനിധ്യത്തിന്റെ ആവശ്യം വരുന്നത്? യഥാർത്ഥത്തിൽ, നമ്മുടെ യാത്രയിലും നമ്മുടെ അസാന്നിധ്യത്തിലും അല്ലാഹുവാണ് നമ്മുടെ ഖലീഫ. പ്രവാചകൻ പഠിപ്പിച്ച യാത്രയിലെ പ്രാർത്ഥനയിൽ നമ്മളിങ്ങനെ പറയാറുണ്ട്:

അല്ലാഹുവേ, യാത്രയിലെ കൂട്ടുകാരനും, കുടുംബത്തിലെ ഖലീഫയും നീയാണ്. (മുസ്‌ലിം)

20. പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലാനെന്ന പേരിൽ സൂഫികൾ പ്രത്യേകം സദസ്സുകളും സംഗമങ്ങളും സംഘടിപ്പിക്കാറുണ്ട്. നബി(സ്വ)യുടെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണവ. പ്രസ്തുത സദസ്സു കളിൽ ശിർക്കു നിറഞ്ഞ മൗലിദുകളും നശീദകളും ക്വസീദകളും അവർ ആർത്തട്ടഹസിച്ച് ചൊല്ലാറുണ്ട്. നബി(സ്വ)യെ വിളിച്ചു കൊണ്ട് അവരാലപിക്കാറുള്ള ക്വസീദയിൽ നിന്നും കേട്ടു നോക്കുക:

മഹത്വമുടയവരേ, സഹായിച്ചാലും
പ്രപഞ്ചത്തിൽ പ്രകാശമൊഴുക്കുന്നവരേ, താങ്കൾ സഹായിച്ചാലും!
അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളുടെ ക്ലേശങ്ങളകറ്റുക,
അങ്ങയെ കാണുംപടി ഏത് ക്ലേശവും ഓടിയൊളിക്കും!

ഇതാണ് സൂഫികളുടേയും അവരിലെ അവാന്തര വിഭാഗങ്ങളായ ത്വരീഖത്തുകാരുടേയും അവസ്ഥ. പ്രപഞ്ചത്തിൽ പ്രകാശമൊഴു ക്കുന്നതും, അടിമകളുടെ ക്ലേശങ്ങളകറ്റുന്നതും സർവ്വശക്തനായ അല്ലാഹുവാകുന്നു എന്നതാണ് യഥാർത്ഥ മുസ്‌ലിംകളുടെ വിശ്വാസം. ത്വരീഖത്തും ഇസ്‌ലാമും രണ്ട് വഴികളിലൂടെയാണ് സഞ്ചരിക്കുന്നത് എന്നർത്ഥം.

പ്രവാചക സ്നേഹികളാണ് ഞങ്ങൾ എന്ന് പറയുമെങ്കിലും അവിടു ത്തെ കൽപനകളെ കാറ്റിൽ പറത്തുന്നവരാണ് സൂഫീ വിഭാഗങ്ങൾ. നബി(സ്വ) പറഞ്ഞു: മൂന്ന് മസ്ജിദുകളിലേക്കല്ലാതെ പ്രത്യേകം യാത്രകെട്ടിപ്പോകാവതല്ല. 1. മസ്ജിദുൽ ഹറാം 2. എന്റയീ മസ്ജിദ് (മസ്ജിദുന്നബവി) 3. മസ്ജിദുൽ അഖ്സ എന്നിവയാണവ. (മുത്തഫഖുൻ അലൈഹി)

21. അല്ലാഹുവിന്റെ റസൂലിന്റെ ഈ കൽപനയെ നഗ്നമായി ലംഘിക്കുന്ന വരാണ് സൂഫികളും ത്വരീകത്തുകാരും. ബർകത്തെടുക്കാനെന്ന പേരിൽ ദർഗകളിലേക്കും മഖ്ബറകളിലേക്കും സന്ദർശന യാത്രകൾ സംഘടിപ്പിക്കുകയും, അവിടെ ചെന്ന് ഖബറുകൾ ത്വവാഫ് ചെയ്യുകയും, ഖബറാളികളുടെ പേരിൽ ബലിയറുക്കുകയും ചെയ്യാറുണ്ട് ഇവർ. എത്ര ചീത്തയാണ് ഇവരുടെ കാര്യം!

22. സ്വന്തം ത്വരീഖത്തിലെ ശൈഖുമാരോടാണ് ആത്യന്തികമായി മുരീദൻമാർക്ക് കൂറും വിധേയത്വവുമുള്ളത്. നബി തിരുമേനിയുടെ കൽപനകൾക്ക് വിരുദ്ധമാണെങ്കിലും ശരി, അവരുടെ വാക്കുകൾക്കേ അവർ മുൻതൂക്കം നൽകൂ. അവക്കനുസരിച്ചേ അവർ പ്രവർത്തിക്കൂ. എന്നാൽ അല്ലാഹു പറയുന്നത് കാണുക:

يَا أَيُّهَا الَّذِينَ آمَنُوا لَا تُقَدِّمُوا بَيْنَ يَدَيِ اللَّهِ وَرَسُولِهِ (الحجرات: 1)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്. (ഹുജുറാത്: 1)

പ്രവാചകൻ പറയുന്നത് കാണുക:

അല്ലാഹുവിനോട് ലംഘനം കാണിക്കുന്നതിൽ ഒരാളേയും അനുസരി ക്കരുത്. നന്മയിൽ മാത്രമേ അനുസരണമാകാവൂ. (മുത്തഫഖുൻ അലൈഹി)

23. ഗുണകരമായത് ലഭിക്കാനായി ഉറുക്ക്, തകിട്, ചരട്, രക്ഷാബന്ധൻ തുടങ്ങിയവ ശരീരത്തിലും മറ്റും എഴുതിക്കെട്ടുന്ന അനിസ്ലാമിക പ്രവണതകളും സൂഫികൾക്കിടയിൽ സാർവ്വത്രികമാണ്. ഭാര്യാ- ഭർത്താക്കന്മാർക്കു വേണ്ടി പ്രത്യേകം തമീമകളും, ഹുജ്ബുകളും (മന്ത്രവചനങ്ങളെഴുതിയ ഉറുക്കുകൾ) അവർ ഉണ്ടാക്കി നൽകാറുണ്ട്. ജീവിതത്തിൽ നല്ലതിനെ തേടാനും മോശമായതിനെ തടയാനും പ്രവാചകൻ പഠിപ്പിച്ചുതന്ന ഇസ്തിഖാറയുടെ പ്രാർത്ഥന കയ്യിലുണ്ടാ യിരിക്കെ ഇക്കൂട്ടർ എന്തിനാണ് ഇത്തരം ഖുറാഫാത്തുകളിലും ബിദ്അത്തുകളിലും അഭയം തേടുന്നത് എന്നാണറിയാത്തത്. ഒരു ഖുർആനികാധ്യായം പഠിപ്പിക്കുന്ന ഗൗരവത്തോടെയാണ് റസൂൽ(സ്വ) പ്രസ്തുത ദുആ സ്വഹാബത്തിനെ പഠിപ്പിച്ചിട്ടുള്ളത്. ബുഖാരിയിൽ രേഖപ്പെട്ട് കിടക്കുന്ന ഇസ്തിഖാറയുടെ ദുആ കാണുക:

നബി(സ്വ) പറഞ്ഞു: നിങ്ങളിലാർക്കെങ്കിലും വല്ല പ്രശ്നവുമുദിച്ചാൽ അവൻ ഫർള് നമസ്കാരമല്ലാത്ത രണ്ട് റക്അത്ത് നമസ്കരിക്കട്ടെ. ശേഷം അവൻ:

اللهم إني أستخيرك بعلمك، واستقدرك بقدرتك، واسألك من فضلك العظيم، فإنك تقدر ولا أقدر، وتعلم ولا أعلم، وأنت علام الغيوب ...

എന്ന് പ്രാർത്ഥിക്കട്ടെ. (ബുഖാരി)

24. അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ച സ്വലാത്തുകൾ എത്രയോ നിലവിലിരിക്കേ, അവയൊന്നും ജീവിതത്തിൽ പാലിക്കാതെ, സ്വന്തം വക നൂതന സ്വലാത്തുകളുണ്ടാക്കി ആചരിക്കുന്നവരാണ് സൂഫികൾ. അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടാത്ത ശിർക്ക് കലർന്ന സ്വലാത്തു കളാണ് അവയിൽ മിക്കതും.

പ്രമുഖ സൂഫീ ശൈഖായ ലുബ്നാനിയുടെ അഫ്ദലുസ്സലവാത്ത് എന്ന കൃതിയിൽ ഇങ്ങനെ കാണാം:

അല്ലാഹുവേ മുഹമ്മദിന്റെ മേൽ, അദ്ദേഹത്തിൽ നിന്ന് അൽ അഹദിയ്യത്തുൽ ഖയ്യൂമിയ്യ (അനന്തമായ അഹദിയ്യത്ത്) ഉണ്ടാക്കുന്ന കാലത്തോളം, അനുഗ്രഹം വർഷിച്ചു കൊണ്ടിരിക്കേണമേ!

ഇവരോട് എന്തു പറയാനാണ്? അനന്തമായ അഹദിയ്യത്ത് എന്നത് അല്ലാഹുവിന്റെ അസ്മാഉ വസ്സിഫാത്തിൽ പെട്ടതാണ്. ആ വിശേഷ ണം അവന്റെ അടിമകളിലാർക്കും ഉപയോഗിച്ചു കൂടാത്തതുമാണ്.

ത്വരീഖത്തുകാരുടെ മറ്റൊരു സ്വലാത്ത് കൃതിയാണ് ദലാഇലുൽ ഖൈറാത്ത്. അല്ലാഹുവും അവന്റെ റസൂലും ഇഷ്ടപ്പെടാത്ത ബിദഇയ്യായ സ്വലാത്തുകളാണ് അതിലുള്ളത് മുഴുവൻ.

25. സൂഫിസത്തിന്റെ വിശ്വാസാചാരങ്ങളെ വിലയിരുത്തിയതിൽ നിന്നും മനസ്സിലാകുന്ന വസ്തുത, അത് ഇസ്ലാമിൽ നിന്നും ബഹുദൂരം അകലെയാകുന്നൂ എന്നതാണ്. ശരിയായ വിവേകമുള്ള ഏതൊ രാൾക്കും ശിർക്കിലേക്കും കുഫ്റിലേക്കും ആപതിപ്പിക്കുന്ന ഇവരുടെ ബിദ്അത്തുകളേയും, ളലാലത്തുകളേയും നിരാകരിക്കാ നല്ലാതെ കഴിയില്ല. സത്യം കാണാനും അംഗീകരിക്കാനും തൗഫീഖ് നൽകണേ നാഥാ എന്ന് നാമെന്നും പ്രാർത്ഥിച്ചേ പറ്റൂ.